TB Movie Club Weekly Review

**#MoviePanel**

Sirf Ek Banda Kafi Hey

OTT : Zee5

എഴുതിയത് : Prasannaraju Kottekat

കോർട്ട് റൂം ഡ്രാമ സിനിമകൾ ഇഷ്ടപ്പെടുന്നവർക്ക് തീർച്ചയായും കാണാം. ആസാറാം ബാപ്പു എന്ന വ്യാജ ആൾദൈവത്തിൻ്റെ പീഡനകേസിനെ ആധാരമാക്കി എടുത്ത സിനിമ. ഒരു പക്കാ ഫ്രോഡിനെ ഏതു വിധവും രക്ഷിക്കാൻ ശ്രമിക്കുന്ന ഭക്തി മാഫിയായും അതിനെ ഒറ്റയാൾ പട്ടാളം പോലെ ചെറുക്കുന്ന വക്കീലും. അതോടൊപ്പം നീതിക്ക് വേണ്ടി ദുരന്തത്തിൽനിന്ന് പുറത്ത് കടന്ന് ധൈര്യപൂർവ്വം പോരാടുന്ന പെൺകുട്ടിയും കുടുംബവും.
റിയൽ ലൈഫ് കേസ് ഫോളോ ചെയ്യവർക്ക് പെട്ടെന്ന് സിനിമ റിലേറ്റ് ചെയ്യാനാവും.
വക്കീൽ സോളങ്കിയായി മനോജ് വാജ്പേയി യുടെ ഗംഭീര പ്രകടനമാണ് സിനിമയുടെ ഹൈലൈറ്റ്. അതോടൊപ്പം പോക്സോ നിയമങ്ങൾ ഇഴകീറി പരിശോധിക്കുന്ന വാദപ്രതിവാദങ്ങളും കോടതി രംഗങ്ങളും. ശക്തമായ തിരക്കഥയും ഡയലോഗുകളും നല്ലൊരു ത്രില്ലർ മോഡിലേക്ക് സിനിമയെ കൊണ്ടുപോകുന്നു.

സിനിമ Zee5 പ്ലാറ്റ്ഫോമിൽ